ഷറിക്ക് കൂടുതൽ സ്ഥലസൗകര്യങ്ങൾ ഉണ്ടാക്കുന്നതിനായി ഗവ ണ്മെൻറ് ഉത്തരവായിട്ടുണ്ട്.

(സി) പോലീസ്സ്റ്റേഷൻ മാറി ഷറിക്ക് സ്ഥലസൗകര്യ മുണ്ടാക്കുന്നതിന് കാലതാമസം വരുമെന്നുള്ളതുകൊണ്ട് താലൂക്കുകച്ചേരി റിക്കാർഡുമുറിയുടേയും സബ്ഷേറിയുടേയും ഇടയ്ക്കുള്ള സ്ഥലത്ത് ഒരു കെട്ടിടം കെട്ടുന്നതിന് റവന്യൂബോർഡ് വേണ്ട നടപടികൾ ചെയ്തു കൊണ്ടിരിക്കുകയാണ്.

ചൂരക്കോട് പബ്ലിക്ക് മാർക്കറ്റിനുള്ള അപേക്ഷ.

* 27. [12] ശ്രീ. പി. ആർ. മാധവൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൂർ പഞ്ചായത്തിൽപ്പെട്ട ചൂരക്കോട് എന്ന സ്ഥലത്ത് ഒരു പബ്ലിക്ക് മാർക്കറ്റ് സ്ഥാപിക്കണമെന്ന പഞ്ചായത്തു തീരുമാനപ്പെട്ടു ത്തുകയും, അതിനനുവദിക്കണമെന്ന അപേക്ഷിക്കുകയും ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന്; അതിന്മേൽ എന്തു നടപടി എടുത്തു;

(ബി) ചന്ത ഇന്നേവരെ അനുവദിക്കാതിരിക്കുന്നതിനു കാരണമെന്താണ്;

(സി) ചന്തയ്ക്ക് അപേക്ഷിച്ചിട്ടുള്ള സ്ഥലവുമായി ഒരു മൈലിനുള്ളിൽ ഏതെങ്കിലും പ്രൈവറ്റ് ആഴ്ചച്ചന്തകൾ ഉണ്ടോ; അപേക്ഷിച്ചിട്ടുള്ളതു് ഒരു പബ്ലിക്ക് ആഴ്ചച്ചന്ത തന്നെല്ലേ; ഏതോ അന്തിച്ചന്ത ലൈസൻസിയുടെ സമ്മർദ്ദംകൊണ്ടാണ് ചൂരക്കോട് പബ്ലിക്ക് മാർക്കറ്റ് അനുവദിക്കാതിരിക്കുന്നത് എന്നൊരാരോപണം പൊതുജനമദ്ധ്യത്തിൽ ഉണ്ടോ;

(ഡി) ചൂരക്കോട് അപേക്ഷിച്ച സ്ഥലത്തു് ഇനിയെങ്കിലും ഒരു പബ്ലിക്ക് മാർക്കറ്റ് അനുവദിച്ച് പൊതുജനങ്ങളുടെ പരാതി പരിഹരിക്കുവാൻ ദയവുണ്ടാകുമോ?

ഉത്തരം.

(എ) ചൂരക്കോട് എന്ന സ്ഥലത്തു് ഒരു പബ്ലിക്ക് മാർക്കറ്റ് തുറക്കുന്നതിനു് അടൂർ പഞ്ചായത്തിൽനിന്നും 27-6-1955-ൽ അപേക്ഷിച്ചിട്ടുണ്ട്. അന്വേഷണം നടത്തി നടപടി എടുത്തുകൊണ്ടിരിക്കയാണ്.

(ബി) അംഗീകരിച്ചിട്ടുള്ള ദൂരത്തിനകത്തു് മറ്റു മാർക്കറ്റുകൾ ഉള്ളതുകൊണ്ടാണ് ചന്ത ഇന്നേവരെ അനുവദിക്കാതിരുന്നിട്ടുള്ളതു്.

(സി) ചന്തയ്ക്ക് അപേക്ഷിച്ചിട്ടുള്ള സ്ഥലത്തിന്റെ ഒരു മൈലിനുള്ളിൽ വേറെ പ്രൈവറ്റ് ആഴ്ചച്ചന്തകളില്ല. അപേക്ഷിച്ചിട്ടുള്ളതു് ഒരു പബ്ലിക്ക് ആഴ്ചച്ചന്ത തുടങ്ങുവാനാണ്. പൊതുജന മദ്ധ്യത്തിൽ ഏതോ അന്തിച്ചന്ത ലൈസൻസിയുടെ സമ്മർദ്ദംകൊണ്ടാണ് ചൂരക്കോട് പബ്ലിക്ക് മാർക്കറ്റ് അനുവദിക്കാതിരിക്കുന്നതെന്ന ആരോപണം ഉണ്ടോ എന്നറിവില്ല.

(ഡി) അന്വേഷണനടപടികൾക്ക് ശേഷം തീരുമാനിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly